# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.64/PR/PIC/PHQ/17                                        Date : 25.03.2017

---

**പത്രക്കുറിപ്പ്**

സോഷ്യൽ മീഡിയയിലൂടെ മുഖ്യമന്ത്രിയെ വിമർശിക്കുന്നവർക്കെതിരെ നടപടിയെടുക്കും എന്ന തരത്തിൽ സംസ്ഥാന പോലീസിലെ ഹൈടെക് ക്രൈം എൻക്വയറി സെൽ മുന്നറിയിപ്പു നൽകി എന്ന് ചില ഓൺലൈൻ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ തെറ്റിദ്ധാരണാജനകമാണെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. മറ്റൊരാളുടെ പേരിൽ വ്യാജ പ്രൊഫൈൽ സൃഷ്ടിച്ച് അതുപയോഗിച്ച് പോസ്റ്റ് ഇടുന്നതും ഒരു വ്യക്തിയെ അപമാനിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്ന തരത്തിൽ ചിത്രങ്ങൾ മോർഫ് ചെയ്ത് പ്രചരിപ്പിക്കുന്നതും ഐ.ടി. ആക്റ്റ് പ്രകാരവും ഐപിസി പ്രകാരവും കുറ്റകരമാണ്. ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചാൽ ഹൈടെക് ക്രൈം എൻക്വയറി സെൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കാറുണ്ട്. ഇതിനുമുൻപും അത്തരം പരാതികളിൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഒരു പത്രപ്രവർത്തകന്റെ പേരിൽ വ്യാജ പ്രൊഫൈലുണ്ടാക്കി ഫെയ്സ്ബുക്ക് വഴി മുഖ്യമന്ത്രിയെയും പ്രസ്തുത പത്രപ്രവർത്തകനെയും അപമാനിക്കുന്നുവെന്ന് കാണിച്ച് ഇത്തരത്തിൽ ഒരു പരാതി ഈയിടെ ഹൈടെക് സെല്ലിന് ലഭിച്ചിരുന്നു. അതേത്തുടർന്നാണ് അത്തരം അപമാനകരമായ പോസ്റ്റുകൾ നീക്കം ചെയ്യണമെന്ന് അറിയിപ്പു നൽകിയത്. മുഖ്യമന്ത്രിക്കെതിരെ വിമർശനം ഉന്നയിച്ചാൽ നടപടിയെടുക്കും എന്നതരത്തിൽ ഒരു മുന്നറിയിപ്പും പോലീസ് നൽകിയിട്ടില്ല.

*******